II ഇ.ബി. XV-കേരള നിയമസഭ/II-1

**പതിനഞ്ചാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

2021 ജൂലൈ 22, വ്യാഴം

പതിനഞ്ചാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനം 2021 ജൂലൈ 22-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00-ന് ദേശീയ ഗാനാലാപനത്തോടെ ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ ആരംഭിച്ചു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

(ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്ന നമ്പർ ഈ സമ്മേളനത്തിൽ അനുവദിച്ച ചോദ്യങ്ങളുടെ നമ്പറിനെ സൂചിപ്പിക്കുന്നു.)

1 (*1) വ്യവസായ പ്രോത്സാഹനത്തിനുള്ള നടപടികൾ

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) നൽകിയ മറുപടിയിൽ, വ്യവസായ സൗഹൃദ അന്തരീക്ഷം പ്രത്യേക നയമായി സംസ്ഥാന സർക്കാർ ഏറ്റെടുത്തതിന്റെ ഭാഗമായി വ്യവസായരംഗത്ത് കൂടുതൽ നിക്ഷേപം ആകർഷിക്കുവാനും സംരംഭങ്ങൾ തുടങ്ങുന്ന പ്രക്രിയ സുഗമമാക്കുന്നതിനും ഉതകുന്ന വിവിധ നിയമനിർമ്മാണങ്ങൾ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടത്തിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. 2018-ലെ കേരള നിക്ഷേപം

പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമപ്രകാരം പുതിയതും നിലവിലുള്ളതുമായ വ്യവസായ സംരംഭങ്ങൾക്ക് K.S.I.D.C-യുടെ മേൽനോട്ടത്തിൽ നടപ്പിലാക്കിയ കെ-സ്വിഫ്റ്റ് ഓൺലൈൻ ഏകജാലക സംവിധാനം വഴി അപേക്ഷ സമർപ്പിച്ച് 30 ദിവസത്തിനുള്ളിൽ അനുമതി ലഭ്യമാക്കുകയും 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമപ്രകാരം 10 കോടി രൂപയിൽ താഴെ നിക്ഷേപമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽപ്പെടാത്തതുമായ സ്ഥാപനങ്ങൾക്ക് മൂന്നുവർഷംവരെ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള ലൈസൻസുകൾ എടുക്കേണ്ടതില്ലെന്ന് തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. മലീനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ലഭിച്ച M.S.M.E-ഇതര വ്യവസായങ്ങൾക്ക് ഒരു വർഷത്തേക്ക് സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള ചില അനുമതികൾ ഒഴിവാക്കിക്കൊണ്ട് ടി നിയമത്തിൽ ഭേദഗതി വരുത്തി ഓർഡിനൻസ് പുറപ്പെടുവിക്കുകയും ഇത്തരം വ്യവസായങ്ങൾക്ക് അനുമതി ലഭ്യമാക്കുന്നതിനായി ഒരു ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ ബ്യൂറോ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. വ്യവസായ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനായി DIC, KSIDC, KINFRA

എന്നിവ മുഖേന വിവിധ സാമ്പത്തിക സഹായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ 2020-ലെ ബിസിനസ് റിഫോം ആക്ഷൻ പ്ലാൻ അനുസരിച്ച് സംസ്ഥാനത്തിന് ബാധകമായ ഭൂരിഭാഗം ദൗത്യങ്ങളും പൂർത്തീകരിച്ചിട്ടുണ്ട്. വ്യവസായ സൗഹൃദ അന്തരീക്ഷം സംജാതമായതിന്റെ അടിസ്ഥാനത്തിൽ ടാറ്റാ കൺസൾട്ടൻസി സർവ്വീസ് ലിമിറ്റഡ്, വി-ഗാർഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ്, ടാറ്റ എലക്സി, ലുലു ഗ്രൂപ്പ്, ഫെയർ എക്സ്പോർട്ട്സ് തുടങ്ങി നിരവധി വ്യവസായ സംരംഭകർ സംസ്ഥാനത്ത് മുതൽ മുടക്കാൻ താൽപ്പര്യം പ്രകടിപ്പിച്ച് മുന്നോട്ടുവന്നിട്ടുണ്ടെന്നും ടി നിക്ഷേപകപദ്ധതികളിലൂടെ സംസ്ഥാനത്ത് നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും മന്ത്രി കൂട്ടിച്ചേർത്തു. പുതിയ ഏകജാലക സംവിധാനം വന്നതിനുശേഷം വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലോജിസ്റ്റിക്സ് ഉൾപ്പെടെയുള്ള നിരവധി വൻകിട പദ്ധതികൾക്ക് അതിവേഗം അനുമതി നൽകാൻ കഴിഞ്ഞിട്ടുണ്ട്. ആരോഗ്യമേഖലയ്ക്ക് ആവശ്യമായ ഉൽപ്പന്നങ്ങൾ ലഭ്യമാക്കുന്നതിനും കോവിഡ് മഹാമാരി ഉൾപ്പെടെ ആരോഗ്യമേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനുമായി ഫാർമസ്യൂട്ടിക്കൽസ് പാർക്ക്, മെഡിക്കൽ ഡിവൈസസ് പാർക്ക്, കൺസ്യൂമബിൾ പാർക്ക് എന്നിവ ആരംഭിക്കുന്നതിനും

ഈ മേഖലയിൽ നിക്ഷേപകരെ കൊണ്ടുവരുന്നതിനുമായി ഉദ്യോഗസ്ഥതലത്തിൽ ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളെ ആധുനികവൽക്കരിക്കുന്നതിന് ട്രേഡ് യൂണിയനുകളുമായും ജീവനക്കാരുമായും ചർച്ച നടത്തി സമഗ്ര മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. വ്യവസായ സംരംഭകർക്ക് ഭൂമി നല്കുന്നതിന് Unified Lease Policy പുറപ്പെടുവിക്കുന്നതിനും ചെറുകിട വ്യവസായ സംരംഭങ്ങളുടെ ഉല്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിൽക്കുന്നതിനുമായി അന്തർദേശീയ നിലവാരത്തിലുള്ള Exhibition cum Trade Centre കൊച്ചിയിൽ ആരംഭിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. നിക്ഷേപകർ നേരിടുന്ന പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് സ്റ്റാറ്റ്യൂട്ടറി ഗ്രീവൻസ് റിഡ്രസ്സൽ കമ്മിറ്റി രൂപീകരിക്കാനുള്ള നിയമ നിർമ്മാണ നടപടികൾ അന്തിമഘട്ടത്തിലാണ്. വ്യവസായ സംരംഭങ്ങൾ നടത്തുന്നവരുടെയും പുതുതായി തുടങ്ങാൻ ആഗ്രഹിക്കുന്നവരുടെയും പരാതികളും പ്രശ്നങ്ങളും നേരിട്ട് കേൾക്കുന്നതിന് ജില്ലാതലത്തിൽ 'മീറ്റ് ദി മിനിസ്റ്റർ' പരിപാടി ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. വ്യവസായ ശാലകളിൽ പരിശോധന നടത്തുന്നതിന് കേന്ദ്രീകൃത

സംവിധാനമേർപ്പെടുത്തുന്നതാണ്. കാലഹരണപ്പെട്ട നിയമങ്ങളും ചട്ടങ്ങളും പരിശോധിച്ച് കാലാനുസൃതമായ മാറ്റം വരുത്തുന്നതിനുള്ള കരട് നിർദ്ദേശം സമർപ്പിക്കുന്നതിന് വിദഗ്ദ്ധ സമിതിയെ നിയമിക്കുന്നതാണ്. ആമ്പല്ലൂർ ഇലക്ട്രോണിക്സ് ഹാർഡ്‌വെയർ പാർക്കുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിശോധിക്കുന്നതിന് കെ.എസ്.ഐ.ഡി.സി. നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചതിനുശേഷം തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും എച്ച്.എൻ.എൽ.-ന്റെ കീഴിൽ റബ്ബറധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് കമ്പനിയുടെ സ്റ്റേക്ക് ഹോൾഡേഴ്സിന്റെ യോഗം വിളിക്കാൻ തീരുമാനിച്ചതായും ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് റാങ്കിംഗിൽ പത്താം സ്ഥാനത്തെത്താൻ കഠിനശ്രമങ്ങൾ നടത്തുന്നതായും റാങ്കിംഗ് മാനദണ്ഡങ്ങൾ സുതാര്യമാക്കാൻ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുള്ളതായും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

2 (*2) <u>സംസ്ഥാനത്തിന്റെ ധനസ്ഥിതി</u>

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) നൽകിയ മറുപടിയിൽ, പ്രകൃതി ദുരന്തങ്ങൾ, കേന്ദ്ര സർക്കാർ അനുവർത്തിച്ച വികലമായ നയങ്ങൾ, ചരക്ക് സേവന നികുതി വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം

യഥാസമയം നൽകാതിരിക്കൽ ഉൾപ്പെടെ നികുതി നടപ്പാക്കലുമായി ബന്ധപ്പെട്ട പോരായ്മകൾ, സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വെട്ടിക്കുറയ്ക്കൽ, കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ ലോക്ഡൗൺ നിയന്ത്രണങ്ങൾ, കോവിഡ് പ്രതിരോധത്തിൽ മുന്നണിയിൽ നിൽക്കുന്ന സംസ്ഥാനത്തിന് അർഹതപ്പെട്ട സാമ്പത്തിക സഹായം നൽകുന്നതിൽ കേന്ദ്ര സർക്കാർ തുടരുന്ന നിസ്സംഗത എന്നിവ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. സമ്പദ്‌വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുന്നതിനായി ഹ്രസ്വ-ദീർഘകാല നടപടികൾ വിഭാവന ചെയ്തിട്ടുണ്ട്. സർക്കാർ ചെലവുകളുടെ കാര്യക്ഷമതയും ഗുണപരതയും ഉത്പാദനക്ഷമതയും ഉയർത്തുന്നതിന്റെ ഭാഗമായി അനാവശ്യ ചെലവുകളും ധൂർത്തും തടഞ്ഞ് ധനദൃഢീകരണം സാധ്യമാക്കുന്നതിനായി ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മഹാമാരിയുടെ പശ്ചാത്തലത്തിൽ നികുതി- നികുതിയേതര ഇനങ്ങളിൽ വർദ്ധനവ് വരുത്താതെ ആരോഗ്യ-അടിസ്ഥാനമേഖലകളിൽ കൂടുതൽ ഊന്നൽ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കിഫ്ബിയുടെ പ്രവർത്തനങ്ങൾ ഉദ്ദേശ്യലക്ഷ്യ

പൂർത്തീകരണത്തിന് ഉതകുന്ന രീതിയിൽ തുടരുന്നതാണ്. കിഫ് ആക്ട് പ്രകാരം കിഫ്ബിക്ക് നൽകുന്ന തുകയിൽ അപ്രതീക്ഷിത കാരണങ്ങളാലുണ്ടാകുന്ന കുറവ് സർക്കാർ നികത്തുന്നതാണ്. കിഫ്ബി മുഖേന 63259.32 കോടി രൂപയുടെ 903 പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. കിഫ്ബി മുഖാന്തിരം ഏറ്റെടുക്കാൻ തീരുമാനിച്ച പദ്ധതികൾ കൃത്യമായി നടപ്പിലാക്കുകയും തീരെ പ്രായോഗികമല്ലാത്ത പദ്ധതികളുണ്ടെങ്കിൽ പരിശോധിച്ച് പകരം സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുന്നതാണ്. സംസ്ഥാനത്തിന് അർഹമായ ജി.എസ്.ടി. വിഹിതം നേടിയെടുക്കുന്നതിന് ജി.എസ്.ടി. കൗൺസിലിൽ ശക്തമായ സമ്മർദ്ദം ചെലുത്തുന്നതാണ്. നികുതി ചോർച്ച തടയുന്നതിന് റിട്ടേൺ സ്ക്രൂട്ടിനിയും പരിശോധനകളും ശക്തമാക്കുകയും വാറ്റ് കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ആംനെസ്റ്റി ഉൾപ്പെടെയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്തുവരുന്നു. ആസിയാൻ കരാറുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കേരളത്തിന്റെ സാമ്പത്തിക മേഖലയെ പ്രതികൂലമായി ബാധിക്കുമെന്നുള്ളതുകൊണ്ട് വിഷയം കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. കോവിഡ് മഹാമാരിയിൽനിന്നും നാടിനെ രക്ഷിക്കുന്നതിന് ആശുപത്രി സൗകര്യങ്ങൾ വിപുലീകരിക്കുന്നതിനും പ്രാദേശിക പശ്ചാത്തല സൗകര്യങ്ങൾ

ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. യുവജനങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി പലിശരഹിത വായ്പാസ്കീമുകൾ ആവിഷ്കരിച്ചിട്ടുള്ളതായും കേരളത്തിന്റെ തനതായ ഉൽപ്പന്നങ്ങൾ ഉൾപ്പെടുത്തി കൂടുതൽ ഇനങ്ങൾ ചേർത്തുകൊണ്ട് പരമാവധി ജനങ്ങൾക്ക് ഓണക്കിറ്റ് നൽകാനുള്ള നടപടി സ്വീകരിച്ചുവരികയാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി

3 (*3) <u>നൂറ് ദിന കർമ്മപരിപാടിയും സഹകരണമേഖലയും</u>

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) നൽകിയ മറുപടിയിൽ, കോവിഡ്മൂലമുള്ള സാമ്പത്തികാഘാതത്തിൽ നിന്ന് ഗ്രാമീണ സമ്പദ്‌വ്യവസ്ഥയെ കരകയറ്റുന്നതിന് സർക്കാർ പ്രഖ്യാപിച്ച നൂറ് ദിന കർമ്മ പരിപാടിയിൽ രണ്ടാം ഘട്ട കെയർ ഹോം പദ്ധതിയിൽ ഉൾപ്പെടുത്തി സ്വന്തമായി ഭൂമിയും താമസസ്ഥലവും ഇല്ലാത്തവർക്ക് ലൈഫ് മിഷൻ നിർദ്ദേശിക്കുന്ന സ്ഥലത്ത് ഭവന സമുച്ചയങ്ങൾ നിർമ്മിച്ചു നൽകുന്നതിന് തീരുമാനിച്ചിട്ടുള്ളതായും തൃശ്ശൂർ ജില്ലയിൽ നിർമ്മിക്കുന്ന ഭവന സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആഗസ്റ്റ് മാസത്തിന് മുമ്പ് പൂർത്തീകരിക്കുന്നതാണെന്നും സഭയെ അറിയിച്ചു. യുവ സംരംഭകർക്കായി 25

സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരികയാണ്. വനിതാ സഹകരണ സംഘങ്ങൾ വഴി മിതമായ നിരക്കിൽ കോവിഡ് പ്രതിരോധ ഉൽപ്പന്നങ്ങൾ പൊതുജനങ്ങൾക്ക് വിതരണം ചെയ്യുന്നതിനും വനിതകൾക്ക് തൊഴിൽ അവസരം സൃഷ്ടിക്കുന്നതിനുമായി 10 നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 11-06-2021 മുതലുള്ള കാലയളവിൽ സഹകരണ സ്ഥാപനങ്ങൾവഴി നേരിട്ടും വായ്പ മുഖാന്തിരവും സംസ്ഥാനത്താകെ 3983-ഉം കേരള ബാങ്കിന്റെ വിവിധ വായ്പാ പദ്ധതികളിലൂടെ രണ്ട് ഘട്ടങ്ങളിലായി 19536-ഉം മൂന്നാംഘട്ടത്തിൽ 1944-ഉം തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. പാലക്കാട് റൈസ് മിൽ മാതൃകയിൽ കുട്ടനാട്, അപ്പർ കുട്ടനാട് ആസ്ഥാനമാക്കി ഒരു സംഭരണ, സംസ്കരണ, വിപണന സഹകരണ സംഘം രജിസ്റ്റർ ചെയ്ത് 2 ആധുനിക റൈസ് മില്ലുകൾ ആരംഭിക്കുന്നതാണ്. കോവിഡ് മഹാമാരിക്കാലത്ത് വിദ്യാർത്ഥികളുടെ ഓൺലൈൻ പഠനം സുഗമമാക്കാൻ 'വിദ്യാതരംഗിണി' പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. Agri Infrastructure Fund, Animal Husbandry Infra Department Fund, Pradhan Manthri Formalisation of Micro Processing Enterprises എന്നീ കേന്ദ്ര പദ്ധതികളെ കേരള ബാങ്കിന്റെ വിവിധ

വായ്പാ പദ്ധതികളുമായും സംസ്ഥാന സർക്കാരിന്റെ കൃഷി, മൃഗസംരക്ഷണം, മത്സ്യ വികസന വകുപ്പുകളുടെ വിവിധ പദ്ധതികളെ ബാങ്കിന്റെ LT അഗ്രികൾച്ചറൽ വായ്പയുമായും സംയോജിപ്പിച്ച് നടപ്പിലാക്കി വരുന്നുണ്ട്. കോവിഡ് അതിജീവനത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന്റെ CHMLS (Chief Ministers Helping Hand Scheme) പ്രകാരം സ്വയം സഹായ സംഘങ്ങൾക്ക് പരമാവധി 4 ലക്ഷം രൂപ വരെ ഗ്രൂപ്പ് വായ്പകൾ നൽകി വരുന്നുണ്ട്. മത്സ്യബന്ധന മേഖലയിലുള്ള വനിതകളുടെ ജീവനോപാധിക്കായി Society For Assistance to Fisher Women (SAF) മായി സഹകരിച്ച് സംഘം വായ്പകൾ നൽകുന്നുണ്ട്. ആധുനിക ബാങ്കിംഗ് സേവനങ്ങളായ നെറ്റ് ബാങ്കിംഗ്, കോർ ബാങ്കിംഗ്, NEFT, ATM, Fund Transfer ഉൾപ്പെടെയുള്ള എല്ലാ സൗകര്യങ്ങളും ഇടപാടുകാർക്ക് ലഭ്യമാക്കി ബാങ്കിന്റെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നുണ്ട്. സഹകരണം സ്റ്റേറ്റ് സബ്ജക്ടാണെന്ന ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി സ്വാഗതാർഹമാണെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.